# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 444 19.10.2011 - ൽ മറുപടിയ്ക്ക്

<u>സഹകരണ ആശുപത്രികൾ</u>

<u>ചോദ്യം</u>

ശ്രീ.കെ.കെ. നാരായണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:

<u>ഉത്തരം</u>

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിപ്രകാരവും, കേന്ദ്ര ആവിഷ്കൃത പദ്ധതികളായ എൻ.സി.ഡി.സി, നബാർഡ് എന്നിവ പ്രകാരവും ധനസഹായം നൽകി വരുന്നു.<br>**<u>സംസ്ഥാന പദ്ധതികൾ</u>**<br>1. ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി.<br>2. ജില്ലാ സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആധുനിക വൽക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുമുള്ള ധനസഹായം.<br>3. ഓഹരി മൂലധന സഹായം<br>4.രോഗനിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | **എൻ.സി.ഡി,സി. പദ്ധതി**<br>1. മാർജിൻ മണി ധനസഹായം<br>2. പ്രവർത്തന മൂലധന സഹായം<br>3. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം<br>**നബാർഡ് പദ്ധതി**<br>നബാർഡ് RIDF പദ്ധതി പ്രകാരം ആശുപത്രികളുടെ വിപുലീകരണത്തിന് വേണ്ടിയുള്ള ധനസഹായം |
| (ബി) | സഹകരണ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഏതെങ്കിലും കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സഹകരണ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. ഇ. നാരായണൻ (ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ) ചെയർമാനായുള്ള കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അതിലെ ഏതെല്ലാം ശുപാർശകളാണിനിയും നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കമ്മിറ്റിറിപ്പോർട്ടിലെ ശുപാർശകളിൽ നടപ്പിലാക്കിയിട്ടില്ലാത്ത ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ആശുപത്രികളെ പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കുക.
2. വൈദ്യുതി ചാർജ്ജും വെള്ളക്കരവും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നിരക്കിലാക്കുക.
3. സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിന് നൽകുക .
4. 80 -ാം വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുക. പരിശോധന നിരക്കുകൾ ഏകീകരിക്കുക.
5. സർക്കാർ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് ഡ്യൂട്ടി സമയം കഴിഞ്ഞ് സഹകരണ ആശുപത്രികളിൽ പ്രവർത്തിക്കുന്നതിന് അനുവാദം നൽകുക.
6. ആശുപത്രി സംഘങ്ങൾ കെട്ടിട നിർമ്മാണത്തിന് എടുക്കുന്ന വായ്പക്ക് പലിശ സബ്സിഡി നൽകുക.
7. സഹകരണ ആശുപത്രികൾക്കുള്ള സർക്കാർ ഓഹരി നിലവിപുള്ള 10 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.
8. നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാഫീസ് നിരക്ക് കുറയ്ക്കുക
9. ആംബുലൻസ് വാങ്ങാൻ നിലവിൽ നൽകി വരുന്ന തുക വർദ്ധിപ്പിക്കുക.
10. മരുന്നു കമ്പനികളിൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങാൻ നടപടി സ്വീകരിക്കുക
11. കൺകറന്റ് ആഡിറ്റർമാരുടെ സേവനം സൗജന്യമാക്കുക. ആഡിറ്റ് അതാത് വർഷം നടപ്പാക്കുക.
12. മരുന്നുകൾ, സർജിക്കൽസ്, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണവും, വിതരണവും ഹോസ്പിറ്റൽ ഫെഡറേഷന് കീഴിൽ ആരംഭിക്കുക.

Section Officer.